തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകൾ

118(1021) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പാടിയോടുചാലിലും ഭീമനടിയിലും വാടകകെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന കെ.എസ്.ഇ.ബി സെക്ഷൻ ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സ്ഥലം ഉപയോഗപ്പെടുത്തി പ്രസ്തുത കേന്ദ്രങ്ങളിൽ സെക്ഷൻ ആഫീസുകൾക്ക് കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാടിയോടുചാലിൽ പത്ത് സെന്റ് സ്ഥലം സൗജന്യമായി നൽകാമെന്നാണ് പാടിയോടുചാൽ ഗ്രാമവികസനസമിതി സമ്മതിച്ചിരുന്നത്. കെട്ടിടം നിർമ്മിക്കുന്നതിന് അഞ്ച് സെന്റ് സ്ഥലം കൂടി ആവശ്യമുണ്ട്. കെ.എസ്.ഇ.ബി നിശ്ചയിക്കുന്ന വിലയ്ക്ക് അത് നൽകാൻ പാടിയോടുചാൽ ഗ്രാമവികസന സമിതി സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായാൽ ഹഡ്കോ സ്കീമിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ഭീമനടിയിൽ സൗജന്യമായി പത്ത് സെന്റ് സ്ഥലം നൽകാമെന്ന് 15-2-2000-ൽ ലഭിച്ച വാഗ്ദാനം പരിഗണിച്ച് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.ഇ.ബി. വകുപ്പുമന്ത്രിയുടെയും ഉദ്യോഗസ്ഥ-അനുദ്യോഗസ്ഥരുടേയും വിദേശ യാത്ര

119(1022) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പുമന്ത്രിയും ഇലക്ട്രിസിറ്റിബോർഡ് മേധാവികളും ഉദ്യോഗസ്ഥ-അനുദ്യോഗസ്ഥരും ഏതൊക്കെ വിദേശയാത്ര നടത്തി ;

(ബി) എന്തൊക്കെ ഉദ്ദേശലക്ഷ്യങ്ങളുമായാണ് യാത്ര നടത്തിയത് ;

(സി) ഇതിൽ ഏതൊക്കെ കാര്യങ്ങൾ നടപ്പിൽ വരുത്തി ;

(ഡി) വിദേശയാത്രകൾക്ക് ബോർഡിന് എന്ത് തുക ചെലവായി എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly